**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 778** **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപ സമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ സമാഹരണത്തിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | വ്യക്തമാക്കാം.<br><br>**"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി"** എന്ന മുദ്രാ വാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, സഹകരണ വായ്പ മേഖലയിലെ നിക്ഷേപതോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽ നിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു.44-മാതു നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ്(ലക്ഷ്യം) **9000 കോടി** രൂപയാണ്.<br><br>നിക്ഷേപ സമാഹരണത്തിന് മുന്നോടിയായി 03.01.2024 ൽ പലിശ നിർണയ ഉന്നതതല സമിതി യോഗം ചേരുകയും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, KSFE യും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കുകൾ വിലയിരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് സഹകരണ മേഖലയിലാണ് നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നത്. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ മുന്നോടിയായി സംസ്ഥാനത്തെ നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളിലേയും പ്രസിഡന്റ്മാരുടെ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളതാണ്. സഹകരണ സംഘം രജിസ്ട്രാർ എല്ലാ ജില്ലകളിലേയും നിക്ഷേപ സമാഹരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നു. നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് പത്രങ്ങൾ, എഫ്.എം റേഡിയോ, കെ.എസ്.ആർ.റ്റി.സി ബസ്സുകൾ എന്നിവയിൽ പരസ്യം നൽകിയിട്ടുള്ളതാണ്. കൂടാതെ നിക്ഷേപ സമാഹരമവുമായി ബന്ധപ്പെട്ട ബാനറുകൾ, ബ്രോഷറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുകയും സഹകരണ സംഘം ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർ ഭവന സന്ദർശനം നടത്തി നാടിന്റെ വികസനത്തിനായി സഹകരണ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പ് ജിവനക്കാരും നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു |
| (ബി) | 2023-24 കാലഘട്ടത്തിൽ കുടിശ്ശിക നിവാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ" പദ്ധതി നടപ്പാക്കാറുണ്ട്.<br><br>2023-24കാലഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023 ഫെബ്രുവരി 01 മുതൽ നടപ്പാക്കിയ ടി പദ്ധതി 2023 ഏപ്രിൽ 30 - ന് അവസാനിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടം 2023 നവംബർ 01 മുതൽ നടപ്പാക്കുന്നതിന് സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും നിലവിൽ ടി പദ്ധതിയുടെ കാലാവധി 2024 ജനുവരി 31 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. |
| (സി) | സഹകരണ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് | (സി) | 03.01.2024 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | അദ്ധ്യക്ഷതയിൽ ചേർന്ന പലിശ നിർണയ ഉന്നതതല സമിതി യോഗം, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, KSFE യും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കുകൾ വിലയിരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് മികച്ച പലിശ നിരക്ക് ഉറപ്പ് വരുത്തി പലിശ നിരക്ക് ഉയർത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയും 10.01.2024 മുതൽ പുതുക്കിയ പലിശ നിരക്ക് നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. നിലവിൽ വന്ന പുതുക്കിയ പലിശ നിരക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന ഗ്യാരണ്ടി നൽകുന്ന കാര്യം പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്നതിനായി 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലൈമായിട്ടാണ് തുക നൽകുന്നത്.<br><br>കൂടാതെ ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് സമർപ്പിക്കുന്നമുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 10.01.2024 മുതൽ നിലവിൽ വന്ന പുതുക്കിയ പലിശനിരക്ക്

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് | | സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സഹകരണ സംഘങ്ങൾ, മിസലേനിയസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. | |
|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.50 | 5.50 | 6.00 | 6.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.00 | 6.00 | 6.50 | 6.50 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.25 | 6.75 | 7.00 | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 6.75 | 7.25 | 7.25 | 7.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.25 | 8.00 | 8.25 | 9.00 |
| 6 | 2 വർഷവും അതിനു മുകളിലും | 7.00 | 7.75 | 8.00 | 8.75 |

(signature)

**സെക്ഷൻ ഓഫീസർ**